"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *168 11.02.2020 ൽ മറുപടിയ്ക്ക്

## പോലീസ് സേനയുടെ പ്രവർത്തന മികവ്

| ചോദ്യം<br>ശ്രീ.കെ.വി വിജയദാസ്<br>ശ്രീ.എം.സ്വരാജ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | ഈ വർഷം കേരള പോലീസിന്റെ പ്രവർത്തന മികവിന് സ്കോച്ച് അവാർഡ് ലഭിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് അറിയിക്കാമോ; | (എ) | ഈ വർഷം കേരള പോലീസിന്റെ പ്രവർത്തന മികവിന് സ്കോച്ച് അവാർഡ് ലഭിച്ചിട്ടില്ല. |
| (ബി) | കുറ്റാന്വേഷണത്തിന് ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിനും പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദ മാക്കുന്നതിനും സാധ്യമായിട്ടുണ്ടോ; ബ്ലോക്ക്ചെയിൻ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ പരിപാടിയുണ്ടോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന പോലീസ് സേനയെ ആധുനികവൽകരിച്ചതിലൂടെ കുറ്റാന്വേഷണം ശാസ്ത്രീയമാക്കാനും, പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.ബ്ലോക്ക്ചെയിൻ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുവാൻ പരിപാടിയുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക ക്രമീകരണങ്ങൾ അറിയിക്കാമോ; | (സി) | സ്ത്രീകളുടെ സുരക്ഷയ്ക്കായി അവരുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി വനിതാ ഹെൽപ്പ് ഡെസ്കുകൾ എല്ലാ സ്റ്റേഷനിലും പ്രവർത്തിച്ച വരുന്നു. നിർഭയ പദ്ധതി മുഖേന സെൽഫ് ഡിഫൻസ്, നിയമ ബോധവൽകരണം എന്നിവ സംബന്ധിച്ച പരിശീലന പരിപാടികൾ നടത്തി വരുന്നു. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ സമയബന്ധിതമായി കേസ് രജിസ്റ്റർ ചെയ്യുകയും കുറ്റക്കാർക്കെതിരെ നിലവിലെ നിയമങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ഡി) | ഇതര സംസ്ഥാനത്തൊഴിലാളികൾ ഉൾപ്പെടുന്ന ഗുരുതരമായ ക്രിമിനൽ കുറ്റങ്ങൾ വർദ്ധിച്ചുവരുന്നതും ആവാസ് പദ്ധതിയിൽ ഭൂരിഭാഗം പേരും ചേർന്നിട്ടില്ലെന്നതും പരിഗണിച്ച് അവരുടെ തൊഴിലവകാശത്തിന് യാതൊരു വിഘാതവും സൃഷ്ടിക്കാതെ ഏജന്റുമാരോ തൊഴിലുടമകളോ ഐഡന്റിറ്റി ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുമോ? | (ഡി) | മൈഗ്രന്റ് ലേബർ രജിസ്റ്റർ മുഖേനയും ഇ- രേഖ പോലുള്ള മൊബൈൽ ആപ്ലിക്കേഷൻ വഴിയും ഇതര സംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ, ബയോ ഡാറ്റ എന്നിവ ശേഖരിച്ച് രേഖപ്പെടുത്തി വരുന്നു. എന്നാൽ ഇവർ ഒരു സ്ഥലത്ത് തന്നെ തുടരാത്തതും ഒന്നിലധികം തൊഴിൽ ദാതാക്കളുടെ കീഴിൽ ജോലിയെടുക്കുന്നതും, ആവശ്യമായ രേഖകൾ ഇല്ലാത്തതും ഇവരുടെ കൃത്യമായ വിവരശേഖരണത്തിന് തടസ്സമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ